പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3360 — 08-11-2019-ലെ മറുപടിയ്ക്ക്

**ചാത്തന്നൂർ മണ്ഡലത്തിൽ തനിനാടൻ എന്ന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ജി.എസ്.ജയലാൽ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | നാടൻ മാവുകളുടെ പ്രചരണവും തനിനാടൻ ഉല്പന്നങ്ങളുടെ വിപണനവും മുൻ നിർത്തി ചാത്തന്നൂർ മണ്ഡലത്തിൽ "തനിനാടൻ" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി തയ്യാറാക്കപ്പെട്ട പ്രോജക്ട് ബയോ ഡൈവേഴ്സിറ്റി ബോർഡ് ചെയർമാന് കൈമാറിയ ശേഷം (നമ്പർ 3735820/19/MLA തീയതി 16.07.2019) പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ബയോ ഡൈവേഴ്സിറ്റി ബോർഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) & (ബി) | നാടൻ മാവുകളുടെ പ്രചരണവും തനിനാടൻ ഉല്പന്നങ്ങളുടെ വിപണനവും മുൻ നിർത്തി ചാത്തന്നൂർ മണ്ഡലത്തിൽ "തനിനാടൻ" എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിലേയ്ക്ക് നൽകിയ പ്രോജക്ട് 2020-21 സാമ്പത്തിക വർഷത്തിലെ മാതൃക ജൈവവൈവിധ്യ പരിപാലന സമിതികൾക്കായുള്ള പദ്ധതിയിൽ പദ്ധതി വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷിക ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി ഒരു പത്തംഗ സമിതി ബോർഡ് രൂപീകരിക്കുകയും, ഈ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ജില്ലാതലത്തിൽ നോഡൽ ഏജൻസികളെ തെരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രോജക്ട് ശാസ്ത്രീയമായി നടപ്പിലാക്കുവാൻ ഇനി എന്തെല്ലാം നടപടികൾ പൂർത്തീകരിക്കാനുണ്ടെന്നും പ്രോജക്ട് എപ്പോൾ നടപ്പിലാക്കാൻ കഴിയും എന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ